(ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ രാവിലെ 10.22-ന് താൽക്കാലികമായി നിർത്തിവച്ച സഭ 10.47-ന് പുനരാരംഭിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ചെയറിനെ ഞങ്ങൾ ബഹുമാനിക്കുന്നു. അത് പാർലമെന്ററി ജനാധിപത്യത്തിന്റെ കീഴ്വഴക്കത്തിന്റെ ഭാഗമാണ്. ഇന്നലെ അങ്ങ് വിളിച്ചതനുസരിച്ച് ഞങ്ങൾ അങ്ങയുടെ ചേമ്പറിൽ വന്നിരുന്നു. ഞങ്ങളോടൊപ്പമുള്ള ഒരു എം.എൽ.എ.-യ്ക്ക് പോലീസിന്റെ ഭീകര മർദ്ദനമേറ്റ് ആശുപത്രിയിൽ കഴിയുന്ന സംഭവമാണ് ഞങ്ങൾ ഉന്നയിക്കുന്നത്. അങ്ങ് ആ അംഗത്തെ സംരക്ഷിക്കാൻ ബാദ്ധ്യസ്ഥനായ വ്യക്തിയാണ്. ആ അംഗത്തിനുണ്ടായ ഗുരുതരമായ മർദ്ദനത്തിന്റെ കാര്യം അവിടെ സന്ദർശിച്ച അങ്ങേയ്ക്ക് മനസ്സിലായിട്ടുള്ളതാണ്. ഞങ്ങളോടൊപ്പമുള്ള എം.എൽ.എ.-യെ ഗുരുതരമായി മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യണമെന്നുള്ളതാണ് ഞങ്ങളുടെ ആവശ്യം. പലപ്പോഴും സസ്പെന്റ് ചെയ്തശേഷം അന്വേഷണം നടക്കാറുണ്ട്. ഇന്നലെ

വ്യവസായ വകുപ്പുമന്ത്രി പറഞ്ഞതുപോലെയല്ല, സസ്പെൻഷനിൽ നിർത്തിക്കൊണ്ടും അന്വേഷണം നടക്കാറുണ്ട്. ഇതിനുമുമ്പും അങ്ങനെയുള്ള അന്വേഷണം നടന്നിട്ടുണ്ട്. ഞങ്ങൾ ന്യായമായ ഡിമാന്റാണ് ഉന്നയിച്ചിട്ടുള്ളത്. അത് അംഗീകരിക്കാത്തതിന്റെ പേരിലാണ് ഇന്നലെ സഭയിൽ ചില സംഭവങ്ങളുണ്ടായത്. ബഹുമാനപ്പെട്ട സ്പീക്കർ ഞങ്ങളെ വിളിച്ചപ്പോൾ ഇന്ന് സഭ പെട്ടെന്ന് നടത്തി തീർക്കാമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. എല്ലാവരുമായി കൂടിയാലോചിച്ച് നടപടിയെടുക്കുമെന്നാണ് അങ്ങ് ചെയറിൽ വന്ന സന്ദർഭത്തിൽ പറഞ്ഞത്. ചെയർ പറയുന്നതിനാണ് വിലയുള്ളത്. അങ്ങ് ഞങ്ങളോടുകൂടി ആലോചിച്ചശേഷം നടപടിയുണ്ടാകുമെന്നാണ് ഞങ്ങൾ കരുതിയത്. സ്വാഭാവികമായും ഞങ്ങളത് പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അപ്രതീക്ഷിതമായാണ് അങ്ങയുടെ നിലപാട് പ്രഖ്യാപിച്ചത്. അതിൽ ഞങ്ങൾക്ക് ശക്തമായ പ്രതിഷേധമുണ്ട്. അവിടെവച്ച് നടപടിയെടുക്കണമെന്ന് ശ്രീ. ഒ. രാജഗോപാൽ പറഞ്ഞത് ശരിയാണ്. എന്നാൽ മുഖ്യമന്ത്രി ആ സന്ദർഭത്തിൽ അതിനെക്കുറിച്ച് പറഞ്ഞില്ല, ഞങ്ങളും പറഞ്ഞില്ല. അങ്ങ് കാര്യപരിപാടികൾ അവസാനിപ്പിക്കാനാണ് തീരുമാനിച്ചത്. അതുകൊണ്ട്

അങ്ങ് ഞങ്ങളുടെ വികാരം മാനിക്കണം. ഞങ്ങളോടൊപ്പമുള്ള സഹപ്രവർത്തകന് ഭീകരമായ പോലീസ് മർദ്ദനമേറ്റ് ആശുപത്രിയിൽ കിടക്കുമ്പോൾ ഞങ്ങളുടെ വികാരംകൂടി ഉൾക്കൊള്ളേണ്ടതായിരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. ഞങ്ങൾ എപ്പോഴും സഭാനടപടികൾ തടസ്സപ്പെടുത്തുന്ന ആളുകളല്ല. അങ്ങ് സഭാനടപടികളുമായി മുന്നോട്ടുപോകൂ. പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭ ബഹിഷ്കരിക്കുകയാണ്.

(ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയിൽ നിന്ന് പുറത്തുപോയി.)

മി. സ്പീക്കർ: സബ്മിഷന്റെ ഉത്തരങ്ങൾ മേശപ്പുറത്തു വയ്ക്കാവുന്നതാണ്[+].

+ അനുബന്ധമായി ചേർത്തിരിക്കുന്നു.